നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) തിരുവനന്തപുരം, കോഴിക്കോട്, മുനിസിപ്പൽ കോർപ്പറേഷനുകൾ വിഭജിച്ച് പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിക്കുന്നതിനായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 4 (2) വകുപ്പുപ്രകാരം ഏതെങ്കിലും മുനിസിപ്പൽ പ്രദേശത്തെ രണ്ടോ അതിലധികമോ മുനിസിപ്പൽ പ്രദേശങ്ങളായി വിഭജിക്കാവുന്നതാണ്.

(സി) നിലവിലുള്ള കോർപ്പറേഷനുകളോട് കൂട്ടിച്ചേർത്ത പ്രദേശത്തെ ജനങ്ങൾക്ക് കോർപ്പറേഷന്റെ ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ലെന്നും വികസനവും മറ്റു ക്ഷേമ പ്രവർത്തനങ്ങളും എത്തുന്ന കാര്യത്തിൽ മറ്റ് പ്രദേശങ്ങളുമായി അസന്തുലിതാവസ്ഥ ഉണ്ടെന്നും കൂട്ടിച്ചേർക്കൽ അശാസ്ത്രീയമാണെന്നുമുള്ള നിരവധി ആക്ഷേപങ്ങൾ ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സമീപ ഭാവിയിലെ വികസന സാധ്യതകൾ, ഇൻഡസ്ട്രിയൽ ഏരിയ, ഐ.ടി. ഹബ്, ശാസ്ത്രീയമായ വികസന സാധ്യത, പ്രദേശങ്ങൾ തമ്മിലുള്ള കണക്ടിവിറ്റി, സാറ്റ്ലൈറ്റ് ടൗൺ ആയി വികസിപ്പിക്കാനുള്ള സാധ്യത തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് ഇതിലേയ്ക്കായി നിയോഗിച്ച കമ്മിറ്റിയുടെ ശിപാർശ പ്രകാരമാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്. തിരുവനന്തപുരം, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനുകളുടെ അഭിപ്രായം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2014 -15-ലെ പദ്ധതി വിനിയോഗം

29 (*149) ശ്രീ. എസ്. ശർമ്മ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2014-15-ലെ പദ്ധതി വിനിയോഗം സംബന്ധിച്ച് ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എന്നായിരുന്നെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി വിനിയോഗം സംബന്ധിച്ച് വിശദാംശങ്ങൾ നല്കാമോ; തന്നാണ്ടിലെ പദ്ധതി വിഹിതത്തിൽ നിന്ന് ട്രഷറിയിൽ നിന്നും മാറിയെടുത്തതായ മൊത്തം തുക സംബന്ധിച്ച വിവരം ലഭ്യമാണോ; വ്യത്യസ്ത അക്കൗണ്ടുകളായി ചെലവഴിക്കാതെ കിടപ്പുള്ള മൊത്തം തുകയെത്ര ;

(സി) തന്നാണ്ടിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം യഥാർത്ഥത്തിൽ ചെലവ് ചെയ്യുകയുണ്ടായിട്ടുണ്ട് ; മുൻവർഷത്തെ സ്പിൽ ഓവർ ഇനത്തിൽ ചെലവായ തുക സംബന്ധിച്ച വിവരം ലഭ്യമാണോ; വിശദമാക്കാമോ ;

(ഡി) പദ്ധതി പണവിനിയോഗം തൃപ്തികരമാണോ; ഇതു സംബന്ധിച്ച് സർക്കാരിന്റെ വിലയിരുത്തൽ എന്താണ് ;

(ഇ) സംസ്ഥാനം ഇപ്പോൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ഏതെങ്കിലും തരത്തിൽ വിനിയോഗത്തെ ബാധിച്ചിട്ടുണ്ടോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ-ഡി) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2014-15-ലെ പദ്ധതി വിനിയോഗം സംബന്ധിച്ച് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി 4-3-2015-ൽ അവലോകനം നടത്തി. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂടി 2014 -15 സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ ആകെ 2478.23 കോടി രൂപയും (46.33 ശതമാനം) ഗ്രാമപഞ്ചായത്തുകൾ 1356.69 കോടി രൂപയും (49.63 ശതമാനം) ബ്ലോക്ക് പഞ്ചായത്തുകൾ 380.11 കോടി രൂപയും (56.09 ശതമാനം) ജില്ലാ പഞ്ചായത്തുകൾ 360.17 കോടി രൂപയും (42.06 ശതമാനം) മുനിസിപ്പാലിറ്റി 226.82 കോടി രൂപയും (46.03 ശതമാനം) കോർപ്പറേഷനുകൾ 154.71 കോടി രൂപയും (32.06 ശതമാനം) ചെലവഴിച്ചതായി കാണപ്പെട്ടു. ഇനിയും നിർവ്വഹണത്തിനും പണവിനിയോഗത്തിനും 15 ദിവസങ്ങൾ ലഭിക്കുമെന്നതിനാൽ സാമ്പത്തിക വർഷം പൂർത്തിയായതിനുശേഷം ലഭിക്കുന്ന കണക്കുകളിന്മേൽ ഇവ സംബന്ധിച്ച വ്യക്തത ഉണ്ടാകുകയുള്ളൂ.

(ഇ) ഇല്ല. നൽകിയ ഫണ്ടുപയോഗിക്കുന്ന മുറയ്ക്ക് കൂടുതൽ ഫണ്ട് നൽകാൻ കഴിയുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly